**ഇന്ത്യൻ ക്ലബ് ബഹ്‌റൈൻ സംഘടിപ്പിച്ച "ഓണാഘോഷം 2024" പരുപാടിയിൽ അംബാസ്സഡർ വിനോദ് കെ. ജേക്കബ് മലയാളത്തിൽ നടത്തിയ പ്രസംഗം**
**(26 സെപ്റ്റംബർ 2024)**

1. എവർക്കും എന്റെ ഓണാശംസകൾ.

2. ബഹ്‌റൈനിലെ ഇന്ത്യൻ സമൂഹത്തിന്റെ ആദ്യകാല കൂട്ടായ്മകളിൽ ഒന്നായ ഇന്ത്യൻ ക്ലബ് സംഘടിപ്പിക്കുന്ന ഓണാഘോഷങ്ങളുടെ ഉദ്ഘാടനത്തിൽ പങ്കെടുക്കാൻ സാധിച്ചതിൽ എനിക്ക് വളരെ അധികം സന്തോഷമുണ്ട്.

3. ഇന്ത്യൻ ക്ലബ് പ്രസിഡണ്ട് ശ്രീ.കാഷ്യസ് പെരേര, ജനറൽ സെക്രട്ടറി ശ്രീ. അനിൽ കുമാർ, സംഘാടക സമിതിയിൽ ഉള്ളവർ എന്നിവർക്ക്, ഈ ഓണാഘോഷത്തിനും വരാനിരിക്കുന്ന പരിപാടികൾക്കും എൻ്റെ ആശംസകൾ നേരുന്നു.

4. വാർഷിക ഓണാഘോഷത്തിൽ ഇന്ത്യൻ പ്രവാസി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും, ബഹ്‌റൈനി സുഹൃത്തുക്കളെയും ഉൾപ്പെടുത്തിയിട്ടുണ്ട് എന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ ആഘോഷങ്ങൾ ഇന്ത്യൻ സമൂഹവും ആതിഥേയ രാജ്യവും തമ്മിലുള്ള സൗഹൃദവും ധാരണയും ആഴത്തിലാക്കട്ടെ.

5. ബഹ്‌റൈനിലെ നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് സൗഹൃദരാജ്യമായ ബഹ്‌റൈനിൽ നല്ല അതിഥികളായി ജീവിക്കാനും പ്രവർത്തിക്കാനും നിങ്ങളെ എല്ലാവരെയും പ്രോത്സാഹിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

6. നന്ദി നമസ്കാരം.